23.06.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 19-03-2000

# നിർമ്മാണത്തിന്റെയും വിനയത്തിന്റെയും സന്തുലനത്തിലൂടെ ആശിർവാദങ്ങളുടെ കണക്ക് ശേഖരിക്കൂ

ഇന്ന് ബാപ്ദാദ തന്റെ ഹോളി ഹാപ്പി ഹംസങ്ങളുടെ സഭ കാണാൻ വന്നിരിക്കുകയാണ്. നാനാഭാഗത്തും ഹോളി ഹംസങ്ങൾ കാണപ്പെടുന്നു. ഹോളി ഹംസങ്ങളുടെ വിശേഷത എല്ലാവർക്കും നന്നായി അറിയാം . സദാ ഹോളി ഹാപ്പി ഹംസം എന്നാൽ സ്വച്ഛവും ശുദ്ധവുമായ ഹൃദയം .ഇങ്ങനെയുള്ള ഹോളി ഹംസങ്ങൾക്ക് ശുദ്ധമായ ഹൃദയമുള്ളത് കാരണത്താൽ ഓരോ ശുഭ ആശകളും സഹജമായി പൂർത്തീകരിക്കപ്പെടുന്നു.സദാ തൃപ്ത ആത്മാവ് ആയിരിക്കുന്നു.ശ്രേഷ്ഠ സങ്കല്പം ചെയ്തു, പൂർത്തീകരിക്കപ്പെട്ടു. പരിശ്രമിക്കേണ്ടി വരുന്നില്ല. എന്തുകൊണ്ട്? ബാപ്ദാദയ്ക്ക് ഏറ്റവും പ്രിയം ഏറ്റവും സമീപം ശുദ്ധഹൃദയം ഉള്ളവരാണ് - പ്രിയപ്പെട്ടവർ. ശുദ്ധഹൃദയർ സദാ ബാപ്ദാദയുടെ ഹൃദയ സിംഹാസനധാരി, സർവ്വശ്രേഷ്ഠ സങ്കല്പവും പൂർത്തീകരിക്കുന്നതിനാൽ വൃത്തിയിൽ, ദൃഷ്ടിയിൽ, സംസാരത്തിൽ, സംബന്ധസമ്പർക്കത്തിൽ സരളവും സ്പഷ്ടവും ആയി ഒരേപോലെ കാണപ്പെടുന്നു. സരളതയുടെ ലക്ഷണമാണ് ഹൃദയം, ബുദ്ധി, വാക്ക് ഒരേപോലെ. ഹൃദയത്തിൽ ഒന്ന്, സംസാരത്തിൽ മറ്റൊന്ന് ഇത് സരളതയുടെ ലക്ഷണം അല്ല. സരള സ്വഭാവമുള്ളവർ സദാ വിനയ ചിത്തർ, നിരഹങ്കാരി, നിസ്വാർത്ഥിയായിരിക്കുന്നു. ഹോളി ഹംസത്തിന്റെ വിശേഷത സരള ചിത്തം, സരളവാണി, സരള വൃത്തി, സരള ദൃഷ്ടി.

ബാപ്ദാദ ഈ വർഷത്തിൽ എല്ലാ കുട്ടികളിലും രണ്ടു വിശേഷതകൾ മുഖത്തും പെരുമാറ്റത്തിലും കാണാൻ ആഗ്രഹിക്കുന്നു. എല്ലാവരും ചോദിക്കുന്നില്ലേ ഇനി എന്ത് ചെയ്യണം? ഈ സീസണിന്റെ വിശേഷം സമാപ്തിയുടെ ശേഷം എന്ത് ചെയ്യണം? എല്ലാവരും ചിന്തിക്കുന്നില്ലേ ഇനി എന്ത് നടക്കണം! ഇനി എന്ത് ചെയ്യണം! സേവനകാര്യത്തിലാണെങ്കിൽ യഥാശക്തി ഭൂരിപക്ഷവും വളരെ നന്നായി പുരോഗമിച്ചിട്ടുണ്ട് മുന്നേറിയിട്ടുണ്ട്. ബാപ്ദാദ ഈ ഉന്നതിക്കായി ആശംസകളും നൽകുന്നു. വളരെ നല്ലത് വളരെ നല്ലത് വളരെ നല്ലത് ..ഒപ്പമൊപ്പം റിസൾട്ടിൽ ഒരു കാര്യം കാണപ്പെട്ടു എന്താ അത് കേൾപ്പിക്കട്ടെ? ടീച്ചേഴ്സ് പറയട്ടെ? ഡബിൾ വിദേശികളെ പറയട്ടെ? പാണ്ഡവരേ പറയട്ടെ? കൈ ഉയർത്തു അപ്പോഴേ പറയൂ. ഇല്ലെങ്കിൽ പറയുകയില്ല. (എല്ലാവരും കൈ ഉയർത്തി). വളരെ നല്ലത്. ഒരു കാര്യം കണ്ടത് എന്താണ്? ഇന്ന് വതനത്തിൽ ബാപ്ദാദയുടെ ചുറ്റും ആത്മീയ സംഭാഷണം ഉണ്ടായിരുന്നു. എങ്ങനെയാണ് ആത്മീയ സംഭാഷണം ചെയ്യുക? രണ്ടുപേർ എങ്ങനെയാണ് പരസ്പരം ആത്മീയ സംഭാഷണം ചെയ്യുക? ഈ ലോകത്ത് താങ്കൾ മോണോആക്ടിംഗ് ചെയ്യാറില്ലേ അതുപോലെ. വളരെ നന്നായി ചെയ്യുന്നു. അപ്പോൾ താങ്കൾ ഈ ലോകത്തിൽ ഒരു ആത്മാവ് രണ്ട് പാർട്ട് അഭിനയിക്കുന്നു. ബാപ്ദാദ രണ്ട് ആത്മാക്കളും ഒരു ശരീരവും ആണ്. വ്യത്യാസം ഉണ്ടല്ലോ! അപ്പോൾ വളരെ ഗുപ്തമായ കാര്യങ്ങൾ നടക്കുന്നു.

അപ്പോൾ ഇന്ന് വതനത്തിൽ ബാപ്ദാദയുടെ ആത്മീയ സംഭാഷണം നടന്നു. ഏതു കാര്യത്തിൽ? താങ്കൾ എല്ലാവർക്കും അറിയാം ബ്രഹ്മാബാബയുടെ ഉത്സാഹം എന്താണ്, അറിയാമല്ലോ നന്നായി? ബ്രഹ്മാബാബയുടെ ഉത്സാഹമായിരുന്നു, ഉടനുടനെ നടക്കണം. അപ്പോൾ ശിവ ബാബ പറഞ്ഞു ബ്രഹ്മാ ബാബയോട് വിനാശം അഥവാ പരിവർത്തനം ചെയ്യണമെങ്കിൽ ഒരു കൈകൊട്ടുന്ന സമയം പോലും വേണ്ട, ഞൊടിയിടയുടെ കാര്യമാണ്. എന്നാൽ താങ്കൾ ആദ്യം 108 അല്ല, പകുതി മാലയെങ്കിലും ഉണ്ടാക്കിത്തരൂ. അപ്പോൾ ബ്രഹ്മാബാബ എന്തുത്തരം നൽകിയിട്ടുണ്ടാവും പറയൂ. (തയ്യാറായിക്കൊണ്ടിരിക്കുകയാണ്) ശരി, പകുതി മാലയും തയ്യാറായിട്ടില്ല? പൂർണമാല വിട്ടോളൂ പകുതിമാല തയ്യാറായിട്ടില്ല? (എല്ലാവരും ചിരിച്ചു കൊണ്ടിരിക്കുകയാണ്) ചിരിക്കണമെങ്കിൽ എന്തെങ്കിലും ഉണ്ട്,് ആരു പറയുന്നു പകുതി മാല തയ്യാറാണ്, അവർ ഒരു കൈ ഉയർത്തു. വളരെ കുറച്ചു പേരാണ്. ആര് മനസ്സിലാക്കുന്നു നടന്നുകൊണ്ടിരിക്കുകയാണ് അവർ കൈ ഉയർത്തു. ഭൂരിപക്ഷവും പറയുന്നു നടന്നുകൊണ്ടിരിക്കുകയാണ്, ചെറിയ പക്ഷം പറയുന്നു നടന്നുകഴിഞ്ഞു. ആരാണ് തയ്യാറായി എന്ന് കൈ ഉയർത്തിയത് അവരോട് ബാപ്ദാദ പറയുന്നു താങ്കൾ പേരെഴുതി തരുക. നല്ല കാര്യമല്ലേ! ബാപ്ദാദയേ നോക്കുകയുള്ളൂ മറ്റാരും നോക്കുകയില്ല ബാബ അടച്ചുവെയ്ക്കും. ബാപ്ദാദ ചോദിക്കുകയാണ് ഇങ്ങനെ നല്ല പ്രതീക്ഷയുള്ള രത്നങ്ങൾ ആരൊക്കെയാണ്. ബാപ്ദാദയും വിചാരിക്കുന്നു നടക്കണം ഇവരിൽ നിന്നും പേര് വാങ്ങു, ഇവരുടെ ഫോട്ടോ എടുക്കൂ.
അപ്പോൾ ബ്രഹ്മാബാബ എന്ത് ഉത്തരം നൽകി? താങ്കൾ എല്ലാവരും നല്ല നല്ല ഉത്തരം നൽകി. ബ്രഹ്മാബാബ പറഞ്ഞു കേവലം ഇത്രയും നേരമേ വേണ്ടൂ, ബാബ ഞൊടിക്കൂ, അവർ തയ്യാറാകും. അപ്പോൾ നല്ല കാര്യമല്ലേ,് അപ്പോൾ ശിവബാബ പറഞ്ഞു നല്ലത് മുഴുവൻ മാലയും തയ്യാറാണോ? പകുതി മാലയുടെ ഉത്തരമാണ് ലഭിച്ചത് മുഴുവൻ മാലയാണ് ചോദിച്ചത്. അതിന് പറഞ്ഞു കുറച്ചു സമയം വേണം. ഈ ആത്മീ

യ സംഭാഷണം നടന്നു. എന്തുകൊണ്ട് കുറച്ച് സമയം വേണം? ആത്മീയ സംഭാഷണത്തിൽ ഈ ചോദ്യോത്തരം തന്നെ അല്ലേ നടക്കുന്നത്. എന്തുകൊണ്ട് കുറച്ചു സമയം വേണം?. എന്ത് വിശേഷ കുറവാണ് ഉള്ളത് അതിന്റെ കാരണത്താൽ പകുതി മാലയും തടഞ്ഞു നിൽക്കുന്നു? അപ്പോൾ നാനാ ഭാഗത്തേയും – ഓരോരോ സ്ഥലങ്ങളിലെയും കുട്ടികളെയും കാണിച്ചു. താങ്കളുടെ സോൺ പോലെ. ഇങ്ങനെ തന്നെ ഓരോരോ സോണുകളല്ല, സോണാണെങ്കിൽ വളരെ വളരെ വലുതാണല്ലോ. അപ്പോൾ ഓരോരോ വിശേഷ പട്ടണങ്ങളിലെയും കുട്ടികളെയും കാണിച്ചു. ഓരോരുത്തരുടെയും മുഖം കാണിച്ചുതന്നു. കാണെക്കാണെ ബ്രഹ്മാബാബ പറഞ്ഞു ഒരു വിശേഷത ഇപ്പോൾ എത്രയും പെട്ടെന്ന് എല്ലാ കുട്ടികളും ധാരണ ചെയ്യുമെങ്കിൽ മാല തയ്യാറാകും. എന്ത് വിശേഷതയാണ്? അപ്പോൾ ഇതാണ് പറഞ്ഞത് എത്രത്തോളം സേവനത്തിൽ ഉന്നതി ചെയ്തിട്ടുണ്ടോ സേവനം ചെയ്തുകൊണ്ട് മുന്നേറുകയാണ്. ശരി മുന്നേറിയിട്ടുണ്ട് എന്നാൽ ഒരു കാര്യത്തിന് സന്തുലനം കുറവാണ്. അത് ഈ കാര്യമാണ് നിർമ്മാണം ചെയ്യുന്നതിൽ ആണെങ്കിൽ നന്നായി മുന്നേറിയിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിനൊപ്പം വിനയം. അതാണ് നിർമ്മാണം ഇതാണ് വിനയം. അക്ഷരങ്ങളുടെ വ്യത്യാസമുണ്ട് എന്നാൽ നിർമ്മാണവും വിനയവും – സന്തുലനത്തിൽ വ്യത്യാസമുണ്ട്. സേവനത്തിന്റെ ഉന്നതിയിൽ വിനയത്തിന് പകരം എവിടെയോ എപ്പോഴൊക്കെയോ സ്വാഭിമാനവും കലർന്നു പോയിരിക്കുന്നു. എത്രത്തോളം സേവനത്തിൽ മുന്നേറുന്നുവോ അത്രയും തന്നെ വൃത്തിയിൽ, ദൃഷ്ടിയിൽ, സംസാരത്തിൽ നടപ്പിൽ വിനയം കാണപ്പെടട്ടെ. ഈ ആശിർവാദത്തിന്റെ ആവശ്യകത ഇപ്പോൾ വളരെയുണ്ട്. ഇപ്പോൾ വരെയും ആരെല്ലാം സംബന്ധ സമ്പർക്കത്തിൽ ഉള്ളവരിൽ നിന്ന് ആശിർവാദം നേടണമോ ആ ആശീർവാദം ലഭിക്കുന്നില്ല. പുരുഷാർഥം ആര് എത്ര ചെയ്യുന്നു നല്ലതാണ്. എന്നാൽ പുരുഷാർത്ഥത്തിനൊപ്പം അഥവാ ആശീർവാദങ്ങളുടെ ശേഖരണം ഇല്ലെങ്കിൽ ദാതാ അവസ്ഥ ദയാമനസ്കതയുടെ അവസ്ഥയുടെ അനുഭൂതി ഉണ്ടാവുകയില്ല. പുരുഷാർത്ഥവും ഒപ്പം ബാപ്ദാദയുടെയും പരിവാരത്തിലെ ചെറിയവരുടെയും വലിയവരുടെയും ആശീർവാദങ്ങളും ആവശ്യമാണ്. ഈ ആശിർവാദങ്ങൾ ഈ പുണ്യത്തിന്റെ കണക്ക് ശേഖരിക്കണം. ഇത് മാർക്ക് കൂട്ടിച്ചേർക്കുന്നു. എത്ര വേണമെങ്കിലും സേവനം ചെയ്യൂ, തന്റെ സേവനത്തിന്റെ ലഹരിയോടെ മുന്നേറിക്കൊണ്ട് പോകൂ, എന്നാൽ ബാപ്ദാദ എല്ലാ കുട്ടികളിലും ഈ വിശേഷത കാണുവാൻ ആഗ്രഹിക്കുന്നു – സേവനത്തിനൊപ്പം വിനയം , ഇണക്കം – ഇത് പുണ്യത്തിന്റെ ശേഖരണം സമ്പാദിക്കുവാൻ വളരെ വളരെ ആവശ്യമാണ്. പിന്നീട് പറയരുത് ഞാൻ വളരെ സേവനം ചെയ്തു, ഞാൻ ഇത് ചെയ്തു, ഞാൻ അത് ചെയ്തു.. എന്നാൽ നമ്പർ എന്തുകൊണ്ട് പുറകിൽ ആയി? അതിനാൽ ബാപ്ദാദ ആദ്യം മുതലേ തന്നെ സൂചന നൽകുന്നു വർത്തമാനസമയം ഈ പുണ്യത്തിന്റെ ശേഖരണം വളരെ വളരെ സമ്പാദിക്കൂ. ഇങ്ങനെ ചിന്തിക്കരുത് ഇവര് ഇങ്ങനെ തന്നെയാണ്, ഇവർ മാറുകയേ ഇല്ല. പ്രകൃതിയെ മാറ്റാൻ കഴിയുമെങ്കിൽ പ്രകൃതിയുമായി ചേർന്നു പോകുന്നുണ്ടല്ലോ? അപ്പോൾ എന്താ ബ്രാഹ്മണ ആത്മാവുമായി ചേർന്നു പോകാൻ കഴിയാത്തത്? എതിർക്കുന്നവരുമായി ചേർന്നുപോകൂ – ഇതാണ് നിർമ്മാണത്തിന്റെയും വിനയത്തിന്റെയും സന്തുലനം. കേട്ടുവോ!

അവസാനം ഹോംവർക്ക് തരുമല്ലോ! എന്തെങ്കിലും ഹോംവർക്ക് ലഭിക്കുമല്ലോ! അപ്പോൾ ബാപ്ദാദ അടുത്ത സീസണിൽ വരും പക്ഷേ കണ്ടീഷൻ ഉണ്ട്. നോക്കൂ സാകാരത്തിലെ പാർട്ടും നടന്നു അവ്യക്ത പാർട്ടും നടന്നു, ഇത്രയും സമയം അവ്യക്ത പാർട്ട് നടക്കുന്നത് സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല. അപ്പോൾ രണ്ട് പാർട്ടും ഡ്രാമയനുസരിച്ച് നടന്നു. ഇപ്പോൾ എന്തെങ്കിലും കണ്ടീഷൻ ഇടേണ്ടി വരുമോ അതോ ഇല്ലയോ! എന്താണ് അഭിപ്രായം? എന്താ ഇതുപോലെ തന്നെ നടന്നുകൊണ്ടിരിക്കുമോ? എന്തുകൊണ്ട്? ഇന്ന് വതനത്തിൽ പരിപാടിയും ചോദിച്ചു. അപ്പോൾ ബാപ്ദാദയുടെ ആത്മീയ സംഭാഷണത്തിൽ ഇതും നടന്നു ഈ ഡ്രാമയുടെ പാർട്ട് ഏതു വരെയാണ്? എന്താ എന്തെങ്കിലും തീയതി ഉണ്ടോ? (ഡെറാഡ്യൂണിലെ പ്രേംസഹോദരിയോട്) ജാതകം കേൾപ്പിക്കൂ ഏതുവരെയാണ്? ഇപ്പോൾ ഈ ചോദ്യം ഉയർന്നിരിക്കുന്നു ഏതുവരെ? പക്ഷേ ..... 6 മാസം കൂടെയുണ്ടല്ലോ! ആറുമാസത്തിനുശേഷം തന്നെയാണ് അടുത്ത സീസൺ തുടങ്ങുക. അപ്പോൾ ബാപ്ദാദ റിസൾട്ട് കാണാൻ ആഗ്രഹിക്കുന്നു. ശുദ്ധഹൃദയം – ഹൃദയത്തിൽ ഒരു പഴയ സംസ്കാരത്തിന്റെയും അഭിമാന അപമാനത്തിന്റെ തോന്നലിന്റെ കറയും ഉണ്ടാകരുത്.

ബാപ്ദാദയുടെ അടുക്കലും ഹൃദയത്തിൻറെ ചിത്രം എടുക്കുന്നതിനുള്ള യന്ത്രം ഉണ്ട് . ഇവിടെ എക്സ്റേയിൽ ഈ സ്ഥൂല ഹൃദയം കാണപ്പെടുന്നില്ലേ. അപ്പോൾ വതനത്തിൽ ഹൃദയത്തിൻറെ ചിത്രം വളരെ സ്പഷ്ടമായി കാണപ്പെടുന്നു. പലതരത്തിലുള്ള ചെറുതും വലുതുമായ കറകൾ മങ്ങിയത് സ്പഷ്ടമായി കാണപ്പെടുന്നു.

ഇന്ന് ഹോളി ആഘോഷിക്കുവാൻ വന്നിരിക്കുകയല്ലേ! അവസാന ടേൺ ആയതിനാൽ ആദ്യം ഹോം വർക്ക് പറഞ്ഞു തന്നു. എന്നാൽ ഹോളിയുടെ അർത്ഥം മറ്റുള്ളവരെയും കേൾപ്പിക്കുന്നതുപോലെ ഹോളി ആഘോഷിക്കുക എന്നാൽ കഴിഞ്ഞതിന് വിരാമം ഇടുക. ഹോളി ആഘോഷിക്കുക അർത്ഥം ഹൃദയത്തിൽ യാതൊരു ചെറുതും വലുതുമായ കറ ഇരിക്കരുത്, തീർത്തും ശുദ്ധഹൃദയം, സർവ്വ പ്രാപ്തി സമ്പന്നം . ബാപ്ദാദ ആദ്യമേ കേൾപ്പിച്ചു ബാപ്ദാദയ്ക്ക് കുട്ടികളോട് സ്നേഹമായത് കാരണം ഒരു കാര്യം ഇഷ്ടപ്പെടുന്നില്ല. അതാണ് പരിശ്രമം വളരെ ചെയ്യുന്നു. അഥവാ ഹൃദയം ശുദ്ധമാണെങ്കിൽ പരിശ്രമം ഇല്ല . ഹൃദയേശ്വരൻ ഹൃദയത്തിൽ അലിഞ്ഞു ചേർന്നിരിക്കും, താങ്കൾ ഹൃദയേശ്വരന്റെ ഹൃദയത്തിൽ അലിഞ്ഞിരിക്കും. ഹൃദയത്തിൽ ബാബ അടങ്ങിയിട്ടുണ്ട്. ഏതൊരു രൂപത്തിലുള്ള മായ അഥവാ സൂക്ഷ്മ രൂപത്തിൽ ആകട്ടെ റോയൽ രൂപത്തിൽ ആകട്ടെ വലിയ രൂപത്തിൽ ആകട്ടെ ഏത് രൂപത്തിലുള്ള മായയ്ക്കും വരാൻ സാധിക്കുകയില്ല. സ്വപ്നത്തിൽ പോലും സങ്കൽപ്പത്തിൽ പോലും മായ വരികയില്ല. അപ്പോൾ പരിശ്രമമുക്തമാകുമല്ലോ! ബാപ്ദാദ മനസ്സാ പോലും പരിശ്രമമുക്തമായി കാണുവാൻ ആഗ്രഹിക്കുന്നു. പരിശ്രമമുക്തർക്കു തന്നെയാണ് ജീവൻമുക്ത അനുഭവം ചെയ്യാൻ കഴിയുന്നത്. ഹോളി ആഘോഷിക്കുക എന്നാൽ പരിശ്രമമുക്തം, മുക്തജീവിതത്തിന്റെ അനുഭൂതിയിൽ കഴിയുക. ഇപ്പോൾ ബാപ്ദാദ മനസാ ശക്തിയിലൂടെ സേവനത്തെ ശക്തശാലിയാക്കുവാൻ ആഗ്രഹിക്കുന്നു. വാക്കിലൂടെ സേവനം നടന്നുകൊണ്ടിരിക്കുന്നു, നടന്നുകൊണ്ടിരിക്കും. എന്നാൽ ഇതിൽ സമയമെടുക്കുന്നു. സമയം കുറവാണ് സേവനം ഇനിയും വളരെയുണ്ട്. റിസൾട്ട് താങ്കളെല്ലാവരും കേൾപ്പിച്ചു ഇപ്പോൾ വരെയും 108 മാലയും തയാറാക്കാനായിട്ടില്ല. 16000, 9 ലക്ഷം ഇത് വളരെ ദൂരെയായിരിക്കുന്നു. ഇതിനുവേണ്ടി ഫാസ്റ്റ് ആയ രീതി വേണം. ആദ്യം തൻറെ മനസ്സ് ശ്രേഷ്ഠവും സ്വച്ഛവും ആക്കൂ. ഒരു സെക്കൻഡ് പോലും വ്യർഥമായി പോകരുത്. ഇപ്പോൾ വരെയും ഭൂരിപക്ഷത്തിൽ പാഴ്സങ്കല്പങ്ങളുടെ ശതമാനം അടങ്ങിയിരിക്കുന്നു. അശുദ്ധമല്ല എന്നാൽ വ്യർത്ഥമാണ് അതിനാൽ മനസാ സേവനം വേഗത്തിൽ നടക്കുന്നില്ല. ഇപ്പോൾ ഹോളി ആഘോഷിക്കുക അർത്ഥം മനസ്സിനെ വ്യർഥത്തിൽ നിന്നും ഹോളി ആക്കുക.

ഹോളി ആചരിച്ചുവോ? ആചരിക്കുക അർത്ഥം ആയിത്തീരുക. ലോകരാണെങ്കിൽ ഭിന്നഭിന്ന നിറങ്ങളിൽ ഉള്ള ഹോളി ഉണ്ടാക്കുന്നു. എന്നാൽ ബാപ്ദാദ എല്ലാ കുട്ടികൾക്കും മേൽ ദിവ്യ ഗുണങ്ങളുടെ ദിവ്യശക്തികളുടെ ജ്ഞാന റോസാ പുഷ്പങ്ങളുടെ നിറം പതിപ്പിക്കുന്നു.

ഇന്ന് വതനത്തിൽ മറ്റൊരു സംഭാഷണവും ഉണ്ടായിരുന്നു. ഒന്ന് കേൾപ്പിച്ചു. ആത്മീയ സംഭാഷണത്തിൽ രണ്ടാമത് ഉണ്ടായത് താങ്കളുടെ ആരെല്ലാം നല്ല നല്ല സേവസാഥികൾ അഡ്വാൻസ് പാർട്ടിയിൽ പോയവരുണ്ടോ അവർക്ക് ഇന്ന് വതനത്തിൽ ഹോളി ആഘോഷിക്കുന്നതിന്റെ ദിവസമായിരുന്നു. താങ്കൾ എല്ലാവർക്കും എപ്പോൾ അവസരം ഉണ്ടോ അപ്പോൾ ഓർമ്മ വരുന്നുവല്ലോ. തന്റെ ദാദിമാരുടെ, കൂട്ടുകാരികളുടെ, പാണ്ഡവരുടെ ഓർമ വരാറുണ്ടല്ലോ! വളരെ വലിയ ഗ്രൂപ്പ് ആയിട്ടുണ്ട് അഡ്വാൻസ് പാർട്ടിയുടെത്. അഥവാ പേര് പറയുകയാണെങ്കിൽ വളരെയുണ്ട്. അപ്പോൾ വതനത്തിൽ ഇന്ന് എല്ലാതരത്തിലുമുള്ള ആത്മാക്കൾ ഹോളി ആഘോഷിക്കാൻ വന്നിരുന്നു. എല്ലാവരും അവരവരുടെ പുരുഷാർത്ഥത്തിന്റെ പ്രാലബ്ധമനുസരിച്ച് ഭിന്ന ഭിന്ന പാർട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. അഡ്വാൻസ് പാർട്ടിയുടെ പാർട്ട് ഇപ്പോൾ വരെയും ഗുപ്തമാണ്. താങ്കൾ ചിന്തിക്കുന്നുണ്ടല്ലോ എന്ത് ചെയ്തുകൊണ്ടിരിക്കുകയാണ്? അവർ താങ്കളെല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ് സമ്പൂർണ്ണമായി ദിവ്യജന്മത്തിലൂടെ പുതിയ സൃഷ്ടിയുടെ നിമിത്തമാകൂ. എല്ലാവരും തന്റെ പാർട്ടിൽ സന്തുഷ്ടരാണ്. ഈ സ്മൃതിയില്ല – ഞാൻ സംഗമയുഗത്തിൽ നിന്ന് വന്നതാണ്. ദിവ്യതയുണ്ട് പവിത്രതയുണ്ട്, പരമാത്മ ലഹരിയുണ്ട്, എന്നാൽ ജ്ഞാനം വ്യക്തമായി പ്രത്യക്ഷമല്ല നിർമോഹത്വം ഉണ്ട്, എന്നാൽ അഥവാ ജ്ഞാനം എമർജായി ഉണ്ട് എങ്കിൽ എല്ലാവരും ഓടിയോടി മധുബനിലേക്ക് വരുമായിരുന്നല്ലോ! എന്നാൽ ഇവരുടെ പാർട്ട് വേറിട്ടതാണ് ജ്ഞാനത്തിന്റെ ശക്തിയുണ്ട് ശക്തിയുടെ കുറവുണ്ടായിട്ടില്ല. നിരന്തര മര്യാദാപൂർവ്വ ഗൃഹാന്തരീക്ഷം, മാതാപിതാക്കളുടെ സന്തുഷ്ടത, സ്ഥൂല സാധനങ്ങളും എല്ലാം പ്രാപ്തമാണ്. മര്യാദയിൽ വളരെ പക്കയാണ്. യഥാക്രമം ആണ് എന്നാൽ വിശേഷ ആത്മാക്കൾ ആണ് പക്കയായി. തിരിച്ചറിയുന്നുണ്ട് തങ്ങളുടെ പൂർവ്വജന്മവും പുനർജന്മവും മഹത്തായിരുന്നു , ആയിരിക്കുകയും ചെയ്യും. രൂപവും എല്ലാവരുടെയും ഭൂരിപക്ഷവും രാജകീയ കുടുംബത്തിലെ തൃപ്ത ആത്മാക്കൾ, നിറഞ്ഞ ആത്മാക്കൾ ഹർഷിത ആത്മാക്കളും ദിവ്യഗുണ സമ്പന്ന ആത്മാക്കളുമായി കാണപ്പെടുന്നു. അതവരുടെ ചരിത്രമാണ്, എന്നാൽ വതനത്തിൽ എന്താണ് ഉണ്ടായത്? ഹോളി എങ്ങനെ ആഘോഷിച്ചു? താങ്കൾ എല്ലാം കണ്ടു കാണും ഹോളിയിൽ ഭിന്ന ഭിന്ന നിറങ്ങൾ കലർത്തി ചാലിച്ച തളികകൾ നിറച്ച് വെക്കുന്നു. അപ്പോൾ വതനത്തിലും ഇങ്ങനെ ചാലിച്ച നിറങ്ങൾ ഉണ്ടാകുമല്ലോ! ഇങ്ങനെ വളരെ സൂക്ഷ്മമായി തിളങ്ങുന്ന രത്നങ്ങൾ ആയിരുന്നു എന്നാൽ ഭാരമുള്ളവയായിരുന്നില്ല. നിറങ്ങൾ കൈകൊണ്ട് എടുത്താൽ ഭാരരഹിതമായി തോന്നാറുള്ളത് പോ

ലെ. ഇങ്ങനെ ഭിന്ന ഭിന്ന നിറങ്ങളുടെ രത്നങ്ങളുടെ തളികകൾ നിറച്ചിരുന്നു. അപ്പോൾ എല്ലാവരും വന്നപ്പോൾ വതനത്തിൽ എന്ത് സ്വരൂപമാണ് ഉണ്ടാകുന്നത് അറിയാമോ? ലൈറ്റിന്റെ തന്നെ ആയിരിക്കുമല്ലോ! കണ്ടിട്ടില്ലേ! അപ്പോൾ പ്രകാശത്തിൽ പ്രകാശമയമായ ശരീരം ആദ്യമേ തന്നെ തിളങ്ങി കൊണ്ടിരിക്കുന്നു. അപ്പോൾ ബാപ്ദാദ എല്ലാവരെയും തന്റെ സംഗമയുഗി ശരീരത്തിൽ പ്രത്യക്ഷമാക്കി. സംഗമയുഗി ശരീരത്തിൽ പ്രത്യക്ഷമായപ്പോൾ പരസ്പരം വളരെ മിലനം ആഘോഷിച്ചു. അഡ്വാൻസ് പാർട്ടിയുടെ ജന്മത്തിന്റെ കാര്യങ്ങൾ മറന്നു സംഗമത്തിന്റെ കാര്യങ്ങൾ പ്രത്യക്ഷമായി. അപ്പോൾ താങ്കൾ മനസ്സിലാക്കുന്നു സംഗമ യുഗത്തിന്റെ കാര്യങ്ങൾ പരസ്പരം പറയുന്നുവെങ്കിൽ എത്ര സന്തോഷത്തിലേക്ക് വരുന്നു. വളരെ സന്തോഷത്തിൽ പരസ്പരം കൊടുക്കൽ വാങ്ങലുകൾ ചെയ്തുകൊണ്ടിരുന്നു. ബാപ്ദാദയും കണ്ടു  ഇവർ വളരെ ആനന്ദത്തിൽ വന്നിരിക്കുന്നു അപ്പോൾ ഇവർ പരസ്പരം കൂടിക്കാഴ്ച നടത്തട്ടെ എന്ന് ബാബ വിചാരിച്ചു. പരസ്പരം തന്റെ ജീവിതത്തിന്റെ വളരെയേറെ കഥകൾ കേൾപ്പിച്ചു കൊണ്ടിരുന്നു – ബാബ ഇങ്ങനെ പറഞ്ഞു, ഇങ്ങനെ എന്നെ സ്നേഹിച്ചു, ശിക്ഷണം നൽകി, ബാബ ഇങ്ങനെ പറഞ്ഞു, ബാബ ബാബ ബാബ തന്നെയായിരുന്നു. കുറച്ച് സമയത്തിനുശേഷം എന്തുണ്ടായി? എല്ലാവരുടെയും സംസ്കാരങ്ങളെ താങ്കൾക്ക് അറിയാം. അപ്പോൾ ഏറ്റവും രമണികമായ ഗ്രൂപ്പ് ഇതിൽ ഏതായിരുന്നു (ദീദിയും ചന്ദ്രമണി ദാദിയും) അപ്പോൾ ദീദി ആദ്യം എണീറ്റു. ചന്ദ്രമണി ദാദിയുടെ കൈപിടിച്ചു, രാസനൃത്തം തുടങ്ങി. ദീദി ഇവിടെ എങ്ങനെ ലഹരിയിൽ പോയി അങ്ങനെ ലഹരിയിൽ നിറഞ്ഞ നൃത്തം ചെയ്തു. മമ്മയെ നടുവിൽ നിർത്തി വട്ടത്തിൽ പരസ്പരം കണ്ണുകൾ ചിമ്മി ഒരുപാട് കളിച്ചു, ബാപ്ദാദയും കണ്ട് കണ്ട് വളരെ പുഞ്ചിരിച്ചു കൊണ്ടിരുന്നു. ഹോളി ആഘോഷിക്കുവാൻ വന്നു എന്നിട്ട് കളിക്കുകയും. കുറച്ചുസമയത്തിനുശേഷം എല്ലാവരും ബാപ്ദാദയുടെ കൈകളിൽ ചേർന്നു. എല്ലാവരും തീർത്തും ലൗലിനമായി അതിനുശേഷം പിന്നീട് ബാപ്ദാദ എല്ലാവരുടെ മേലും ഭിന്നഭിന്ന നിറങ്ങളുടെ രത്നങ്ങൾ ഉണ്ടായിരുന്നത്, പൊടി പോലെ വളരെ സൂക്ഷ്മമായിരുന്നത്, എന്നാൽ നല്ല തിളക്കം ആയിരുന്നു അത് ബാപ്ദാദ എല്ലാവരുടെ മേലും വീഴ്ത്തി. തിളങ്ങുന്ന ശരീരമായിരുന്നു, അതിനുമേൽ ഭിന്നഭിന്ന നിറങ്ങളുടെ രത്നങ്ങളും വീണതിലൂടെ എല്ലാവരും അലങ്കരിക്കപ്പെട്ടു. ചുവപ്പ്, മഞ്ഞ ,പച്ച ... ഏഴു നിറങ്ങളും പറയാറുണ്ടല്ലോ ആ ഏഴു നിറങ്ങളും ഉണ്ടായിരുന്നു. അപ്പോൾ എല്ലാവരും ഒരുപാട് ഇങ്ങനെ തിളങ്ങി സത്യത്തിൽ ഇങ്ങനെയുള്ള വസ്ത്രം ഉണ്ടാവുകയില്ല. എല്ലാവരും ആനന്ദത്തിൽ തന്നെയായിരുന്നു . പിന്നീട് പരസ്പരവും ചാർത്താൻ തുടങ്ങി. രമണിക സഹോദരിമാരും ധാരാളം ഉണ്ടായിരുന്നല്ലോ. വളരെ വളരെ ആനന്ദമാഘോഷിച്ചു. ആനന്ദത്തിനുശേഷം എന്താണ് ഉണ്ടാവുന്നത്? ബാപ്ദാദ നേരത്തെ എല്ലാവർക്കും ഭോഗ് കഴിപ്പിച്ചു, താങ്കൾ നാളെ ഭോഗ് വയ്ക്കുമല്ലോ എന്നാൽ ബാപ്ദാദ മധുബന്റെ സംഗമയുഗത്തിന്റെ ഭിന്ന ഭിന്ന ഭോഗ് എല്ലാവർക്കും കഴിപ്പിച്ചു. അതിൽ വിശേഷിച്ച് ഹോളിയുടെ ഭോഗ് ഏതൊന്നാണ്? (ജിലേബി). താങ്കൾ റോസാ പുഷ്പങ്ങളും പൊരിക്കുമല്ലോ അപ്പോൾ വെറൈറ്റി സംഗമ യുഗത്തിന്റെ തന്നെ കഴിപ്പിച്ചു താങ്കളിൽ ആദ്യത്തെ ഭോഗ് അവർ എടുത്തു താങ്കൾക്ക് നാളെ ലഭിക്കും. അർത്ഥം ഒരുപാട് ആഘോഷിച്ചു ആടി പാടി. എല്ലാവരും ചേർന്ന് ആഹാ ബാബ എന്റെ ബാബ മധുരമായ ബാബ എന്ന ഗീതം പാടി. അപ്പോൾ ആടി പാടി കഴിച്ചു അവസാനം എന്തുണ്ടാകുന്നു? ആശംസകളും വിടപറച്ചിലും. അപ്പോൾ താങ്കളും ആഘോഷിച്ചുവോ അതോ വെറുതെ കേട്ടുവോ? എന്നാൽ ഇപ്പോൾ ആദ്യം മാലാഖയായി പ്രകാശമായ ശരീരമുള്ളവരാകു. ആകാൻ സാധിക്കുമോ ഇല്ലയോ? വലിയ ശരീരം ആണോ? അല്ല. സെക്കൻഡിൽ തിളങ്ങുന്ന ഡബിൾ ലൈറ്റ് സ്വരൂപമായി മാറു. ആകാൻ സാധിക്കുമോ? തീർത്തും മാലാഖ. (ബാപ്ദാദ എല്ലാവർക്കും ഡ്രിൽ ചെയ്യിപ്പിച്ചു).

ഇപ്പോൾ തന്റെ മേൽ ഭിന്നഭിന്ന നിറങ്ങളുടെ തിളങ്ങുന്ന രത്നങ്ങൾ സൂക്ഷ്മ ശരീരത്തിൽ ചാർത്തൂ. സദാ ഇങ്ങനെ ദിവ്യ ഗുണങ്ങളുടെ നിറം, ശക്തികളുടെ നിറം, ജ്ഞാനത്തിന്റെ നിറത്താൽ സ്വയം നിറമണിഞ്ഞിരിക്കു. ഏറ്റവും വലിയ നിറം ബാപ്ദാദയുടെ സംഗത്തിന്റെ നിറത്തിൽ സദാ നിറമണിഞ്ഞിരിക്കു. ഇങ്ങനെ അമർ ഭവ. ശരി.

ദേശ വിദേശത്തെ മാലാഖ സ്വരൂപരായ കുട്ടികൾക്ക്, സദാശുദ്ധ ഹൃദയ പ്രാപ്തി സമ്പന്നരായ കുട്ടികൾക്ക്, സത്യമായ ഹോളി ആഘോഷിക്കുന്ന അതായത് അർഥസഹിതം ചിത്രം പ്രത്യക്ഷ രൂപത്തിൽ കൊണ്ടുവരുന്ന കുട്ടികൾക്ക്, സദാ നിർമ്മാണത്തിന്റെയും വിനയത്തിന്റെയും സന്തുലനം വയ്ക്കുന്ന കുട്ടികൾക്ക്, സദാ ആശീർവാദങ്ങളുടെ പുണ്യത്തിന്റെ ശേഖരണം സമ്പാദിക്കുന്ന കുട്ടികൾക്ക് വളരെ വളരെ കോടി മടങ്ങ് സ്നേഹ സ്മരണ നമസ്തേ.

**വരദാനം : മധുരതയിലൂടെ ബാബയുടെ സമീപതയുടെ സാക്ഷാത്കാരം ചെയ്യിക്കുന്ന മഹാൻ ആത്മാവായി ഭവിക്കട്ടെ.**

ഏതു കുട്ടികളുടെ സങ്കല്പത്തിൽ പോലും മധുരത, വാക്കിലും മധുരത, കർമ്മത്തിലും മധുരതയുണ്ടോ അവരാണ് ബാബയുടെ സമീപം. അതിനാൽ ബാബയും അവരെ പതിവായി വിളിക്കുന്നു – മധുര മധുര മായ കുട്ടികളെ കുട്ടികളും പ്രതികരണം നൽകുന്നു – മധുര മധുരമായ ബാബാ. അപ്പോൾ ഈ പതിവാ യ മധുര വാക്ക് മധുരത സമ്പന്നമാക്കി മാറ്റുന്നു. ഇങ്ങനെ മധുരതയെ പ്രത്യക്ഷമാക്കുന്ന ശ്രേഷ്ഠ ആത്മാ ക്കൾ തന്നെയാണ് മഹാൻ. മധുരത തന്നെയാണ് മഹാനത. മധുരതയില്ലെങ്കിൽ മഹാനതയുടെ അനുഭവം ഉണ്ടാകുന്നില്ല.

**സ്ലോഗൻ: ഏതൊരു കാര്യവും ഡബിൾ ലൈറ്റായി ചെയ്യൂ എങ്കിൽ മനോരഞ്ജനത്തിന്റെ അനുഭവം ചെയ്യാം.**